(സി) പി.റ്റി.സി. സ്വീപ്പറുടെ ഒഴിവ് സെക്ഷൻ തലത്തിൽ

ഇലക്ട്രിക്കൽ സെക്ഷൻ, ചാത്തന്നൂർ	1
ഇലക്ട്രിക്കൽ സെക്ഷൻ, കണ്ണനല്ലൂർ	1
ഇലക്ട്രിക്കൽ സെക്ഷൻ, പരവൂർ	1

പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ഊർജ്ജോല്പാദന മേഖലയിലെ കർമ്മ പദ്ധതികൾ

60(2098) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ മേഖലയിൽ ഉല്പാദന രംഗത്ത് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതികൾ നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) ഊർജ്ജ മേഖലയിൽ ഉല്പാദന രംഗത്ത് ആവിഷ്കരിച്ചിട്ടുള്ള കർമ്മ പദ്ധതികളും അവ നടപ്പിലാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു:

നിർമ്മാണം ആരംഭിച്ച 6 ജലവൈദ്യുത പദ്ധതികളെ കൂടാതെ 219 MW-ന്റെ 18 ജലവൈദ്യുത പദ്ധതികൾക്ക് ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 47.5 MW-ന്റെ 6 പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതുകൂടാതെ അതിരപ്പിള്ളി പദ്ധതി (163 MW) പ്രതിബന്ധങ്ങൾ നീക്കി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. സംസ്ഥാനത്ത് സാധ്യമായ എല്ലാ സ്ഥലങ്ങളിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാനും കാറ്റിൽ നിന്നുള്ള പദ്ധതികൾ നടപ്പിൽ വരുത്താനും ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കിയ പദ്ധതികളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട് *.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പതിനായിരം ഓഫ്ഗ്രിഡ് റൂഫ്ടോപ്പ് സോളാർ പ്ലാന്റ് പദ്ധതിവഴി ഒരു കിലോവാട്ട് ശേഷിയുള്ള 8500 പ്ലാന്റുകളും ഇതിനുപുറമേ വിവിധ കെട്ടിടങ്ങളിലായി 363 കിലോവാട്ടിന്റെ സോളാർ പവർ പ്ലാന്റും കമ്മീഷൻ ചെയ്യുകയുണ്ടായി. പതിനായിരം ഓഫ്ഗ്രിഡ് റൂഫ്ടോപ്പ് സോളാർ പദ്ധതിയിൽ പ്ലാന്റുകളുടെ നിർമ്മാണ നടപടികൾ പുരോഗമിച്ചുവരുന്നു. 15 മെഗാവാട്ട് ഗ്രിഡ്ബന്ധിത റൂഫ്ടോപ്പ് പദ്ധതിയിൽ പവർ പ്ലാന്റുകളുടെ നിർമ്മാണ നടപടികൾ പുരോഗമിച്ചു വരുന്നു. പാലക്കാട് ജില്ലയിലെ കഴൽമന്ദത്ത് ആരംഭിച്ച യൂട്ടിലിറ്റി വിഭാഗത്തിൽ വരുന്ന 2 മെഗാവാട്ട് സോളാർ പവർപ്ലാന്റ് നിർമ്മാണവും പുരോഗമിച്ചുവരുന്നു. ജലവൈദ്യുത പദ്ധതികൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുവേണ്ടി എല്ലാ ജില്ലകളിലും ജില്ലാതല പർച്ചേസ് കമ്മിറ്റികൾ രൂപീകരിച്ച് 1-6-2012-ലും 17-12-2014-ലും സർക്കാർ ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്. കൂടാതെ പദ്ധതി നടത്തിപ്പിലുണ്ടാകുന്ന പ്രതിബന്ധങ്ങൾ തരണം ചെയ്യുന്നതിനായി സർക്കാർതലത്തിൽ അവലോകനം നടത്തി വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നുണ്ട്. സ്വകാര്യ പങ്കാളിത്തത്തോടെ BOOT അടിസ്ഥാനത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ CPP/IPP ആയി അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

1200 മെഗാവാട്ടിന്റെ കൽക്കരി ഇന്ധനമായുള്ള പദ്ധതിക്കുവേണ്ടി കൽക്കരി അലോക്കേഷൻ കിട്ടുന്നതിന് കേന്ദ്രത്തിന് അപേക്ഷ നൽകുന്നതിന് തീരുമാനമായിട്ടുണ്ട്. പെറ്റ്കോക്ക് ഇന്ധനമായുള്ള പദ്ധതിക്കുവേണ്ടി കൊച്ചിയിൽ FACT-ന്റെ കൈവശമുള്ള സ്ഥലം ലഭ്യമാക്കാൻവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സുസ്ഥിര വികസനം ഉറപ്പാക്കുന്നവണ്ണം നവീകരിക്കാവുന്ന ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജ ലഭ്യത പരമാവധി ഉയർത്തുക, ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിച്ച് അന്യസംസ്ഥാന നിലയങ്ങളിലെ ആശ്രിതത്വം കുറയ്ക്കുക എന്നീ ലക്ഷ്യങ്ങൾക്ക് പുറമേ റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷൻ (ആർ.പി.ഒ.) നികത്തുന്നതിനും സൗരോർജ്ജം പരമാവധി പ്രയോജനപ്പെടുത്തുന്നതിനും ടി പദ്ധതികളിലൂടെ ലക്ഷ്യമിടുന്നു.

LIBRARY ARCHIVES Kerala Legislative Assembly